# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3073 — 23.03.2015-ൽ മറുപടിയ്ക്ക്

## അവശ കലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ

**ചോദ്യം**

ശ്രീ. ടി.വി.രാജേഷ്
" പുരുഷൻ കടലുണ്ടി
" ആർ. രാജേഷ്
" സാജു പോൾ

**മറുപടി**

ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അവശ കലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടെങ്കിൽ അവ എന്നത്തേക്ക പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | കലാകരന്മാർക്ക് നൽകി വരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശിക യില്ല. എന്നാൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖേന വിതരണം ചെയ്തു വരുന്ന 2654 ഗുണഭോക്താ ക്കളുടെ സംസ്ഥാന കലാകാര പെൻഷൻ, 2014 നവംബർ മുതൽ EMO (ഇലക്ട്രോണിക് മണി ഓർഡർ)-യിൽ നിന്നും EBT (ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ)-ലേക്ക് മാറ്റുകയുണ്ടായി. EBT-യിലേക്ക് മാറ്റുന്ന തിനുള്ള രേഖകൾ യഥാസമയം സമർപ്പി ക്കാത്ത 27 ഗുണഭോക്താ ക്കൾക്ക് 2014 നവംബർ മുതൽ പെൻഷൻ വിതരണം ചെയ്തിട്ടില്ല. ഈ 27 ഗുണഭോക്താക്കൾ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അവർക്ക് കുടിശ്ശിക സഹിതം പെൻഷൻ അനുവദിക്കാൻ കഴിയും. |
| (ബി) | അവശ കലാകാരന്മാർക്ക് നൽകി വരുന്ന ഏതെങ്കിലും പെൻഷനുകൾ നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ